**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5121** **11-08-2021 - ൽ മറുപടിയ്ക്ക്**

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നേരിട്ടുള്ള/ബൈട്രാൻസ്ഫറിലൂടെ നിയമനം ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ബാധകമായിട്ടുള്ള സ്പെഷ്യൽ റൂൾസ് ഉണ്ടോ; ഉണ്ടെങ്കിൽ നമ്പരും തീയതിയും അറിയിക്കാമോ; | (എ) | ഉണ്ട്. 16.02.2011 തീയതിയിലെ സ.ഉ(അ)44/2011/തസ്വഭവ നമ്പർ ഉത്തരവ് |
| (ബി) | പ്രസ്തുത റൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുന്ന ഒരു വ്യക്തി പ്രസ്തുത നിയമനം ലഭിക്കുന്നതിന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ, MOP എന്നിവ പാസ്സായിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും ഇതേ ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ടോയെന്നറിയിക്കാമോ; | (ബി) | 16/2/2011-ലെ GO(P)44/2011/LSGD നമ്പർ വിശേഷാൽ ചട്ടം നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്ക് മുമ്പ് തന്നെ Account test (Lower/Higher) Manual of Procedure എന്നീ ടെസ്റ്റുകൾ പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് Account test for Executive Officer-ഉം Manual of Procedure-ഉം പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും 16.06.2017-ലെ സ.ഉ(എം.എസ്)112/2017/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. |
| (സി) | 2011-ന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവയിൽ ഏതെങ്കിലും പാസ്സാവുകയും 2012-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുകയും ചെയ്യുന്ന ആൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ; | (സി) | 16/2/2011-ലെ GO(P)44/2011/LSGD നമ്പർ വിശേഷാൽ ചട്ടം നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്ക് മുമ്പ് തന്നെ Account test (Lower/Higher) Manual of Procedure എന്നീ ടെസ്റ്റുകൾ പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് Account test for Executive Officer-ഉം Manual of Procedure-ഉം പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും 16.06.2017-ലെ സ.ഉ(എം.എസ്)112/2017/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. |
| (ഡി) | 2011-ന് ശേഷവും 2018-ന് മുമ്പായും അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ പാസ്സായ വ്യക്തിക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയി നിയമനം ലഭിച്ചാൽ അദ്ദേഹത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | 2018-ന് മുമ്പ് MOP പാസ്സായ ഒരു വ്യക്തിക്ക് 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയി നിയമനം ലഭിച്ചാൽ പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും MOP പാസ്സാകേണ്ടതുണ്ടോ; വിശദവിവരം നല്കാമോ? | (ഇ) | ഇല്ല. അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ്, അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവ വ്യത്യസ്ത പരീക്ഷകൾ ആയതിനാലാണ് ഇവ പാസ്സാകണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എം.ഒ.പി പരീക്ഷ ഒരു തവണ വിജയിച്ചാൽ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ